# സി.പി.സി.ആർ.ഐയിൽ അന്താരാഷ്ട്ര സെമിനാറും കാർഷിക മേളയും തുടങ്ങി



*സി.പി.സി.ആർ.ഐ. ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി നടക്കുന്ന അന്താരാഷ്ട്ര സെമിനാർ കേന്ദ്ര കൃഷി മന്ത്രി രാധാമോഹൻ സിങ്ങ് ഉദ്ഘാടനം ചെയ്യുന്നു*

കാസർകോട്: കേന്ദ്ര തോട്ട വിള ഗവേഷണ കേന്ദ്രത്തിന്റെ (സി.പി.സി.ആർ.ഐ) ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായുള്ള അന്താരാഷ്ട്ര സെമിനാറിനും കാർഷിക സെമിനാറിനും പ്രൗഢമായ തുടക്കം. ഇന്ന് ഉച്ചയോടെ നടന്ന ചടങ്ങിൽ കേന്ദ്ര കൃഷിമന്ത്രി രാധാമോഹൻ സിംഗ് ഉദ്ഘാടനം നിർവഹിച്ചു. മന്ത്രി ഇ. ചന്ദ്രശേഖരൻ, പി. കരുണാകരൻ എം.പി, എൻ.എ നെല്ലിക്കുന്ന് എം.എൽ.എ തുടങ്ങിയവർ സംബന്ധിച്ചു.

ശതാബ്ദി മന്ദിരത്തിന്റെയും സഹസ്രാബ്ദ അതിഥി മന്ദിരത്തിന്റെയും ഉദ്ഘാടനവും ഇന്ന് നടക്കുന്നുണ്ട്. 20 വിദേശ ശാസ്ത്രജ്ഞർ ഉൾപ്പെടെ 150 ഓളം പ്രമുഖരാണ് സെമിനാറിൽ പങ്കെടുക്കുന്നത്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് കർഷകർ ചടങ്ങിനെത്തി. ഇന്ന് മുതൽ 13 വരെ കാർഷിക മേളയും വടക്കുന്നുണ്ട്. അമ്പതോളം സ്റ്റാളുകളാണ് സി.പി.സി.ആർ.ഐ.യിൽ ഒരുക്കിയ പ്രദർശന മേളയിൽ ഉള്ളത്.